012405

COMMISSIONERATE OF EXCISE
14 MAY 2014

**കേരള സർക്കാർ**

**സംഗ്രഹം**

**നികുതി വകുപ്പ് – എക്സൈസ് – നാളികേര-നീര ബോർഡ് രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

നികുതി (ജി) വകുപ്പ്

ജി.ഒ. (എം.എസ്) നം.66/2014/നി.വ. തിരുവനന്തപുരം, തീയതി, 13/05/2014.

പരാമർശം:- 1. 23/09/2013- ലെ, ജി.ഒ. (എം.എസ്) നമ്പർ 160/2013/നി.വ.
2. 27/09/2013- ലെ, ജി.ഒ. (ആർ.റ്റി) നമ്പർ 764/2013/നി.വ.

ഉത്തരവ്

സംസ്ഥാനത്ത് കള്ള്ചെത്ത് വ്യവസായം നേരിടുന്ന പ്രതിസന്ധിയെയും, നീര ഉല്പാദനം ആരംഭിക്കുന്നതിനെക്കുറിച്ചും പഠനം നടത്തുന്നതിന് രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്ത് നീരയുടെ ഉത്പാദനത്തിനും വിതരണത്തിനും വ്യവസ്ഥകളനുസരിച്ച് അനുമതി നൽകികൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവാകുകയുണ്ടായി. നീരയുടെയും മറ്റ് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും ഉത്പാദനം, വിതരണം എന്നിവ പ്രായോഗികമാക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാനത്ത് ടോഡി-നീര ബോർഡ് രൂപീകരിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നികുതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുകയുണ്ടായി. ഇക്കാര്യത്തിൽ തൊഴിലാളി യൂണിയൻ പ്രതിനിധികളും, ഉദ്യോഗസ്ഥരുമായും നടത്തിയ ചർച്ചയിലുരിത്തിരിഞ്ഞുവന്ന വ്യവസ്ഥകൾക്ക് വിധേയമായി, എക്സൈസ് കമ്മീഷണർ ചെയർമാനും, ഒരു ജോയിന്റ് എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ആയും ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവർ അംഗങ്ങളായും ടോഡി-നീര ബോർഡ് രൂപീകരിക്കുന്നതിനും ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ വകയിരുത്തുന്നതിനും ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം **വിശദമായി പരിശോധിച്ചു. കൂടുതൽ ആദായകരമായി തെങ്ങ് കൃഷി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷക സഹകരണ സംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യ** പാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തി ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി നാളികേര-നീര ബോർഡ് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1) കാർഷികോൽപാദന കമ്മീഷണർ | – | ചെയർമാൻ |
| 2) എക്സൈസ് കമ്മീഷണർ | – | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ |

(ii) യോഗ്യതയുടെയടിസ്ഥാനത്തിൽ, സംസ്ഥാനത്ത് നിലവിലുള്ള കർഷകരുടെ 173 സൊസൈറ്റികളിൽ 16 സൊസൈറ്റികൾക്കുമാത്രം ലൈസൻസ് നൽകിയിട്ടുള്ളതിനാൽ, ബാക്കി സൊസൈറ്റികൾക്ക് ആവശ്യാനുസരണം ലൈസൻസ് നൽകുന്നതിനുള്ള നടപടി എക്സൈസ് വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(iii) നാളികേര നീര ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി ഫണ്ട് ലഭ്യമാക്കുന്നതിന് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),

എ.അജിത് കുമാർ
സെക്രട്ടറി.

1. കാർഷികോൽപാദന കമ്മീഷണർ, തിരുവനന്തപുരം.
2. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
3. ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി.
4. മാനേജിംഗ് ഡയറക്ടർ, കെ.എസ്.ബി.സി., തിരുവനന്തപുരം.
5. ഡയറക്ടർ, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി
6. ഡയറക്ടർ, കേരള കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ.തിരുവനന്തപുരം.
7. പൊതുഭരണ (എസ്‌സി) വകുപ്പ്. (05-03-2014-ലെ മന്ത്രിസഭാ യോഗത്തിന്റെ ഇനം 5076 പ്രകാരം)
8. അഗ്രി (ഫാംസ്) വകുപ്പിന്.
9. ഐ. & പി.ആർ.ഡി. (പ്രസിദ്ധീകരണത്തിനായി).
10. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ് – എക്സൈസ് - **നീര ഉത്പാദനം - കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നീര ഉത്പാദക ഫെഡറേഷനുകൾക്ക് അനുമതി** നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (ജി) വകുപ്പ്**

ജി.ഒ.(എം.എസ്)നം.05/2015/നി.വ. തിരുവനന്തപുരം, തീയതി: 07/1/2015.

പരാമർശം:- 1) 23/9/2013-ലെ ജി.ഒ.(എം.എസ്) നം.160/2013/നി.വ..
2) 13/5/2014-ലെ ജി.ഒ.(എം.എസ്) നം.66/2014/നി.വ..
3) 5.12.2014-ലെ കോക്കനട്ട് ഡവലപ്മെന്റ് ബോർഡ് ചെയർമാൻെറ അർദ്ധ ഔദ്യോഗിക കത്ത് നം.1345/2014-റ്റി.എം.ഒ.സി

**ഉത്തരവ്**

പരാമർശം (3)-ലെ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് ചെയർമാൻെറ കത്തിലെ നിർദ്ദേശം പരിഗണിച്ച്, കോക്കനട്ട് ഡവലപ്മെന്റ് ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദക സമിതി/സൊസൈറ്റി (CPS)/ഫെഡറേഷൻ എന്നിവയ്ക്ക് ആവശ്യാനുസരണം, നീര ഉത്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള ലൈസൻസ് നൽകുന്നതിന് എക്സൈസ് വകുപ്പ് ചട്ടപ്രകാരം നടപടി കൈക്കൊള്ളുന്നതിന്, പരാമർശം (2)-ലെ ഉത്തരവിലെ ഖണ്ഡിക 2(ii) ഭാഗികമായി ഭേദഗതി ചെയ്ത്, ഇതിനാൽ ഉത്തരവാകുന്നു.

2. പരാമർശം (2)-ലെ ഉത്തരവ് മേൽപ്രകാരം ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

രബീന്ദ്രകുമാർ അഗർവാൾ,
സെക്രട്ടറി.

1. കാർഷികോത്പാദന കമ്മീഷണർ, തിരുവനന്തപുരം.
2. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
3. ചെയർമാൻ, നാളികേര വികസന ബോർഡ്, കൊച്ചി.
4. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ.
5. ഡയറക്ടർ, കേരള കാർഷിക സർവ്വകലാശാല.
6. ഡയറക്ടർ, കേരള കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം.
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
8. കൃഷി (ഫാംസ്) വകുപ്പ്
9. ഡയറക്ടർ, I & PRD. (പ്രസിദ്ധീകരണത്തിന്)
10. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.